# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ജനുവരി 28 ചൊവ്വ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 2

## പട്ടികജാതി - പട്ടിക വർഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളിൽ കുറവുവന്നിട്ടില്ല : പട്ടികജാതി-പട്ടികവർഗഗോത്ര കമ്മീഷൻ

പട്ടികജാതി - പട്ടിക വർഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളിൽ കുറവു വന്നിട്ടില്ലെന്നും ഇതിനെ തടയാൻ സർക്കാർ തലത്തിൽ ഇനിയും ഇടപെടലുകൾ ആവശ്യമാണെന്നും സംസ്ഥാന പട്ടികജാതി-പട്ടികവർഗഗ്രോത്ര കമ്മീഷൻ ചെയർമാൻ ബി എസ് മാവോജി പറഞ്ഞു. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ രണ്ടുദിവസത്തെ ജില്ലാ പരാതി പരിഹാര അദാലത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജാതിപ്പേര് വിളിച്ച് അധിക്ഷേപിക്കൽ, വീടു കയറിയുള്ള അക്രമണം, പട്ടികജാതിക്കാർ താമസിക്കുന്നിടത്തുള്ള വഴി കയ്യേറ്റം, അർഹതയുള്ളവർക്ക് പട്ടയം ലഭിക്കാതിരിയ്ക്കൽ എന്നിവ ഇപ്പോഴും നടക്കുന്നതായും കമ്മീഷൻ കണ്ടെത്തിയതായി മാവോജി വ്യക്തമാക്കി.

പട്ടികജാതിക്കാർ താമസിക്കുന്നിടത്തേക്ക് അയൽവാസികളായവർ മലിനജലം ഒഴുക്കി വിടുകയും മാലിന്യം നിക്ഷേപിക്കുകയും ചെയ്യുന്നതും കമ്മീഷൻ കണ്ടെത്തി പരിഹാര മാർഗങ്ങൾ നിർദേശിച്ചു. ഇന്നലെ പരിഗണിച്ച കേസുകളിൽ വഴി കയ്യേറ്റവും ജാതിപ്പേരു വിളിച്ച് അധിക്ഷേപിച്ച കേസുകളുമായിരുന്നു കൂടുതൽ. 98 കേസുകളാണ് ഇന്നലെ (ജനു. 28) പരിഗണിച്ചത്. ഇതിൽ 84 കേസുകൾ തീർപ്പാക്കി. ബാക്കിയുള്ളവ മാറ്റിവച്ചു. ചില കേസുകളിൽ വിശദമായ റിപ്പോർട്ടും കമ്മീഷൻ ബന്ധപ്പെട്ടവരിൽ നിന്നും തേടിയിട്ടുണ്ട്. 18 പുതിയ കേസുകൾ സ്വീകരിച്ചിട്ടുണ്ട്. പരാതി പരിഹാര അദാലത്ത് ഇന്നും (ജനു. 29) തുടരും. പട്ടികജാതി-പട്ടികവർഗഗോത്ര കമ്മീഷൻ അംഗവും മുൻ എം പിയുമായ എസ് അജയകുമാറും പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന കേരള സംസ്ഥാന പട്ടികജാതി പട്ടിക ഗ്രോതവർഗ്ഗ കമ്മീഷൻ തൃശൂർ ജില്ലാ പരാതി പരിഹാര അദാലത്ത്***

# ആന എഴുന്നള്ളിപ്പ്:
# ഉത്സവങ്ങൾ രജിസ്ട്രർ ചെയ്യാൻ അവസരം

ആന എഴുന്നള്ളിപ്പുള്ള ഉത്സവങ്ങൾ രജിസ്ട്രർ ചെയ്യുന്നതിന് 2020 ജനുവരി 20 മുതൽ 2020 ഫെബ്രുവരി 20 വരെ സർക്കാർ സമയമനുവദിച്ചു. തൃശൂർ ജില്ലയിൽ 2015-ൽ രജിസ്ട്രർ ചെയ്യാത്തതും 2012 മുമ്പ് നടന്നുവരുന്നതുമായ എല്ലാ ഉത്സവങ്ങളും രജിസ്ട്രർ ചെയ്യാൻ ഈ അവസരം ഉപയോഗപ്പെടുത്തേണ്ടതാണ്. ജില്ലയിൽ വർഷം തോറും 1200 ലേറെ ഉത്സവങ്ങളിൽ ആന എഴുന്നള്ളിപ്പ് നടക്കാറുണ്ടെന്നാണ് കണക്ക്. ഇതിൽ 722 ഉത്സവങ്ങൾ മാത്രമാണ് നടത്തിപ്പുകാർ രജിസ്ട്രർ ചെയ്തിട്ടുള്ളത്. രജിസ്ട്രേഷനുള്ള അപേക്ഷ ഓൺലൈനായോ നേരിട്ടോ സമർപ്പിക്കാം. മുമ്പ് രജിസ്ട്രർ ചെയ്ത ആരാധാനാലയങ്ങളുടെ അധിക വിവരങ്ങളും ഓൺലൈനിൽ നൽകാവുന്നതാണ്. സൈറ്റ് വിലാസം: http:/kcems.in ആരാധനാലയത്തിന്റെ പേര്, മേൽവിലാസം, ജില്ലാ-താലൂക്ക്-വില്ലേജ്, ഫോൺ നമ്പർ-ഇമെയിൽ, സോഷ്യൽ ഫോറസ്ട്രി റേയ്ഞ്ച്-പോലീസ് സ്റ്റേഷൻ പരിധി, ജിപിഎസ് റീഡിംഗ്, 2012 ന് മുമ്പ് ഉപയോഗിച്ചിരുന്ന ആനകളുടെ എണ്ണം, ആന എഴുന്നളിപ്പ് ഉത്സവം നടത്തിയ വർഷങ്ങളുടെ എണ്ണം, ആന എഴുന്നള്ളിപ്പിനുള്ള വിശേഷാൽ മാസം, എഴുന്നള്ളപ്പിന്റെ സ്വഭാവം, ആരാധനാലയ ഭാരവാഹികളുടെ പേര്-സ്ഥാനം-മൊബൈൽ നമ്പർ എന്നിവ അപേക്ഷയിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് തൃശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനുമായി ബന്ധപ്പെടുക. തൃശൂർ ഫോൺ: 0487 2320609.

# ഒല്ലൂർ വി എസ് എം ഗവ. വി എച്ച് എസ് സ്കൂൾ
# നൂറ്റി ഒന്നാം വാർഷികം ആഘോഷിച്ചു

ഒല്ലൂർ വൈലോപ്പിള്ളി ശ്രീധര മേനോൻ മെമ്മോറിയൽ ഗവ വി എച്ച് എസ് സ്കൂളിലെ നൂറ്റി ഒന്നാം വാർഷിക ആഘോഷവും യാത്രയയപ്പ് സമ്മേളനവും ടി എൻ പ്രതാപൻ എം പി ഉദ്ഘാടനം ചെയ്തു. സ്കൂൾ അങ്കണത്തിൽ നടന്ന യോഗത്തിൽ കോർപറേഷൻ കൗൺസിലർ സി പി പോളി അധ്യക്ഷത വഹിച്ചു. 20 വർഷത്തെ സ്തുത്യർഹമായ സേവനത്തിനു ശേഷം വിരമിക്കുന്ന പ്രധാന അധ്യാപിക മറീന ജോസിന്റെ ഫോട്ടോ അനാച്ഛാദനം ഗവ ചീഫ് വിപ് അഡ്വ കെ രാജൻ നിർവഹിച്ചു. നൂറിൽ അധികം വർഷങ്ങളായി ഒല്ലൂരിന്റ അഭിമാനമായി നിലകൊള്ളുന്ന വൈലോപ്പിള്ളി സ്കൂളിന് നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ഈ അധ്യയന വർഷത്തിൽ ജില്ലാ പിടിഎ യുടെ മികച്ച ഹരിത വിദ്യാലയം, ജില്ലയിലെ മികച്ച കാർഷിക സ്കൂൾ, മികച്ച പ്രിൻസിപ്പൽ, മികച്ച അദ്ധ്യാപിക തുടങ്ങിയ കൃഷി വകുപ്പിന്റെ ജില്ലാ അവാർഡുകളും ഈ സ ്കൂളിന് ലഭിച്ചു. പഠനത്തോടൊപ്പം നെൽ കൃഷിയും, പച്ചക്കറി കൃഷിയും, പേപ്പർ പേന നിർമാണം, ചൂൽ നിർമാണം, തുടങ്ങിയവയിലും ഇവിടത്തെ കുട്ടികൾ കഴിവ് തെളിയിച്ചു. അദ്ധ്യാപിക സിജി വി എസ് വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ കരോളിൻ ജോഷ്വ, പിടിഎ പ്രസിഡന്റ് പി കെ പീതാംബരൻ, പ്രിൻസിപ്പൽ സ്മിത കെ എസ്, ജനറൽ കൺവീനർ ഗായത്രി വി ജി, സ്കൂൾ ലീഡർ ഡെന്ന ജെയിംസ് തുടങ്ങിയവർ പങ്കെടുത്തു.